# വാരിയരുടെ പൂക്കട

## എൻ. വി. കൃഷ്ണവാരിയർ

ഉണ്ണായിവാരിയരുടെ കൃതികളിൽ മാത്രമല്ല, അദ്ദേഹത്തെസ്സംബന്ധിച്ച എല്ലാററിലുമുണ്ട്, ഒട്ടേറെ കീറാമുട്ടികൾ. ആദ്യമായി ആ പേരുതന്നെയെടുക്കുക. ഉക്കണ്ടൻ, ഉണ്ണിക്കണ്ടൻ, ഇട്ടുണ്ണികണ്ടൻ, ഇട്ടിനമ്പി മുതലായ പല വിചിത്രപ്പേരുകളും വാരിയന്മാക്ക കേട്ടിട്ടുണ്ടെങ്കിലും ഉണ്ണായി എന്നപേർ ഇങ്ങിനെ ഒരാൾക്കേ കേൾക്കുകയുണ്ടായിട്ടുള്ളു. "രാമപഞ്ചശതി" നളചരിതകത്താവിന്റെ മറെറാരു കൃതിയാണെന്ന ദൃഢവിശ്വാസമുണ്ടായിരുന്നില്ലെങ്കിൽ, "ഉണ്ണിരാമ"നിൽനിന്ന് "ഉണ്ണായി"യെ ഞെക്കിപ്പിഴിഞ്ഞെടുക്കുവാൻ ക്ലേശസഹിഷ്ണുവായ മഹാകവി ഉള്ളൂർപോലും മെനക്കെട്ടുമായിരുന്നുവോ?

അതു പേരിന്റെ കാര്യം. ഇനി കുടുംബത്തിന്റെ കഥയോ? തെക്കേവാരിയം എന്നുകൂടി പേരുള്ള ഇരിങ്ങാലക്കുട അകത്തൂട്ട് വാരിയത്താണ് അദ്ദേഹം പിറന്നതെന്ന് ഒരുപക്ഷം; തൃശ്ശൂർ അടുത്തുള്ള കൂട്ടനല്ലൂർ പടിഞ്ഞാറെവാരിയമാണ് അദ്ദേഹത്തിന്റെ തറവാടെന്ന മറെറാരുപക്ഷം. രണ്ടു പക്ഷങ്ങൾക്കുമുണ്ട് ആധാരമായി ചില യുക്തികളും കുറെ കിംവദന്തികളും. ഒന്നും നിർണ്ണായകമല്ലെന്നുമാത്രം.

ഉണ്ണായിയുടെ ജീവിതകാലത്തെപ്പററിയുമുണ്ട് ഈ തീച്ചയില്ലായ്മ. അതിനെക്കുറിച്ച് ആദ്യമായി രേഖപ്പെടുത്തിയ ഗോവിന്ദപ്പിള്ളയ്ക്കുതന്നെ സംശയമാണ്. ഭാഷാചരിത്രം ഒന്നാംപതിപ്പിൽ ഉണ്ണായി ജനിച്ചതു് 925-നടുത്തും, രണ്ടാംപതിപ്പിൽ ആ സംഭവം നടന്നതു് 915-ലും അത്രേ. 1026-ൽ മരിച്ച കൊച്ചി മഹാരാജാവിന്റെ നേത്യാരമ്മയായിരുന്ന രാമഞ്ചിറമഠത്തിൽ ഇക്കാവമ്മയുടെ സഖിയായിരുന്ന ഉണ്ണായിവാരിയരുടെ മരുമകളെന്ന വിശ്വാസത്തെ ആസ്പദമാക്കി, കൊല്ലവർഷം പത്താംശതകത്തിന്റെ അവസാനത്തിൽ ഉണ്ണായി ജീവിച്ചിരുന്നതായി ചിലർ പറയാറുണ്ട്. രാമപഞ്ചശതിയിലെ "പരിണമേത് പ്രസത്യൈ" എന്ന പദങ്ങൾ ഗ്രന്ഥനിർമ്മാണകാലത്തെ സൂചിപ്പിയ്ക്കുന്നവയാണെന്ന ധാരണയിൽ, ആ കൃതി 798-ൽ രചിക്കപ്പെട്ടതാണെന്നും, അതിനാൽ ഉണ്ണായിയുടെ ജീവിതത്തെ രണ്ടു നൂററാണ്ടു പിറകോട്ടു കൊണ്ടുപോകണമെന്നും വാദിക്കുന്നവരും ഇല്ലാതില്ല. ഈ തക്കത്തിൽ ഏതാണ്ടു മധ്യവത്തിയാണ് ഉള്ളൂർ. ഉണ്ണായി ജനിച്ചതു് 850-ാമാണ്ടിന്നടുത്താവണമെന്ന പല കാരണങ്ങൾകൊണ്ടും അദ്ദേഹം കരുതുന്നു. ഈ കാരണങ്ങളും നിർണ്ണായകങ്ങളോ അസന്ദിഗ്ദ്ധങ്ങളോ അല്ലെന്നു് ഓത്തിരിക്കുന്നതു നന്നു്.

പേരു്, കുടുംബം, ജീവിതകാലം എന്നിവ സംബന്ധിച്ച നമ്മുടെ അറിവു് ഇത്ര

2

യുമാണെങ്കിൽ, ആ മഹാകവിയുടെ ജീവചരിത്രത്തെപ്പററി നമുക്കു വിവരമുണ്ടെങ്കിലല്ലേ അത്ഭുതപ്പെടേണ്ടൂ? വാരിയർ തിരുവനന്തപുരത്തു കാർത്തികതിരുനാൾ മഹാരാജാവിനെ ആശ്രയിച്ചു പാക്കുന്നകാലത്തു കുഞ്ചൻനമ്പ്യാരുമായി പരിചയപ്പെട്ടതിനെപ്പററി ഏതാനും ഐതിഹ്യങ്ങളുണ്ട്. വാരിയരുടെ രണ്ടു ശിഷ്യന്മാരെപ്പററി പ്രസ്താവമുണ്ട്; ഒന്ന്, സ്വാതിതിരുനാളിന്റെ സദസ്യനായ രാമമംഗലത്തു ഗോവിന്ദമാരാരുടെ സംഗീതഗുരു ഹരിഹരഭാഗവർ; രണ്ട്, കുചേലവൃത്തകർത്താവായ രാമപുരത്തു വാരിയർ. തൃശ്ശൂർ താഴേക്കാട്ടു ശങ്കരപ്പൊതുവാളാണ് ഉണ്ണായിയുടെ സംസ്കൃതാധ്യാപകനെന്നാണ് വേറൊരു കഥ. ഇതെല്ലാം എത്രമാത്രം വിശ്വാസ്യമെന്ന് പറയുക പ്രയാസം.

പിന്നെ അദ്ദേഹത്തെസ്സംബന്ധിച്ചിടത്തോളം വിശ്വസിക്കാവുന്നതായി എന്തുണ്ട്? ചിലതുണ്ട്. 920–ാമാണ്ടിൽ തിരുവനന്തപുരത്തു പത്മനാഭസ്വാമിക്ഷേത്രത്തിൽ ആറന്മുളക്കാരായ ഒരു കളിയോഗക്കാർ നളചരിതം കളിച്ചു. 915–ൽ തിരുവിതാംകൂർ ഗവമ്മേണ്ട് പാട്ടിയിൽ കളക്കാട്ട് എന്ന ദേശത്ത് ഉണ്ണായിവാര്യക്കു ണ്ടായിരുന്ന ചില വസ്തുക്കളിൽനിന്നു വസൂൽചെയ്തിരുന്ന "കടമ" എന്ന കരം നിത്തലാക്കി. കൂടൽമാണിക്യസ്വാമിയുടെയെന്നപോലെ വടക്കുന്നാഥന്റെയും ഭക്തനായിരുന്നു ഉണ്ണായി. തൃപ്പൂണിത്തുറയപ്പൻ, പഴയന്നൂർ ഭഗവതി, തിരുവഞ്ചിക്കുളത്തപ്പൻ, കൊടുങ്ങല്ലൂരമ്മ എന്നിവരേയും അദ്ദേഹം സ്തുതിച്ചിട്ടുണ്ട്. ചന്ദ്രരംകോതകർത്താവിനെ കുറച്ചുകാലമെങ്കിലും അദ്ദേഹം ആശ്രയിച്ചു പാർത്തിരുന്നു. ഇത്രയും വസ്തുതകൾ അനിഷേധ്യങ്ങളാണ്.

ഇനി, ഉണ്ണായിവാരിയരുടെ കൃതികളെപ്പററിയേടത്തോളമോ? അവിടെയുമുണ്ട് പല മതഭേദങ്ങളും. എന്നാൽ ഒരു കാര്യം എല്ലാവക്കും സമ്മതമാണ്: നളചരിതം നാലുദിവസത്തെ കഥ ഉണ്ണായിയുടെ കൃതിതന്നെ. മലയാളത്തിലെ മഹാകവികളുടെ കൂട്ടത്തിൽ അഭ്യർഹിതമായ സ്ഥാനത്തിന്ന് അദ്ദേഹത്തെ അർഹനാക്കിയതു് നാടകീയസന്ദർഭങ്ങളാലും കഥാപാത്രങ്ങളുടെ വ്യക്തിത്വപൂർണ്ണിമയാലും പരമമായ ഔചിത്യദീക്ഷയാലും ആട്ടക്കഥകളുടെ മുഖ്യപ്രവാഹത്തിൽനിന്ന് ഒററപ്പെട്ടുനില്ക്കുന്ന ഈ ഗാനനാടകമാണെന്നകാര്യത്തിലും ആക്കും തക്കമില്ല. എങ്കിലും നളചരിതത്തിന്റെ സർവ്വാംഗീകൃതമായ ഒരു പാഠം ഇനിയും ഉണ്ടായിക്കഴിഞ്ഞിട്ടില്ല. അച്ചടിച്ച പ്രതികളിലില്ലാത്ത ആറു് വന്ദനപദ്യങ്ങൾ മഹാകവി ഉള്ളൂർ തിരഞ്ഞെടുത്തു പ്രകാശിപ്പിച്ചിട്ടുണ്ട്. ശ്രീ ദേശമംഗലത്തു രാമവാരിയരുടെ വ്യാഖ്യാനത്തോടുകൂടി "മാതൃഭൂമി" പ്രസിദ്ധംചെയ്ത നളചരിതത്തിൽ പരക്കെ അംഗീകരിയ്ക്കാത്ത പല പാഠഭേദങ്ങളുമുണ്ട്.

ഗിരിജാകല്യാണം ഗീതപ്രബന്ധം ഉണ്ണായിയുടെ കൃതിയല്ലെന്നു പറയുന്നവർ ഇപ്പോൾ അധികമില്ല. കൊച്ചി ഭാഷാപരിഷ്കരണക്കമ്മിററി ഈ കൃതി ഭംഗിയായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എങ്കിലും അർഹിയ്ക്കുന്ന പ്രചാരം ഈ കൃതിയ്ക്ക് ഇനിയും ഉണ്ടായിട്ടില്ല. മേൽപ്പുത്തൂരിന്റെ നാരായണീയത്തിന്റെ മാതൃകപിടിച്ച്, കൂടൽമാണിക്യസ്വാമിയെ സംബോധന ചെയ്തു വാരിയർ നിമ്മിച്ച അഞ്ഞൂറിലേറെ സംസ്കൃതപദ്യങ്ങളുടങ്ങുന്ന "രാമപഞ്ചശതി" എന്ന സ്തോത്രകാവ്യം തിരുവനന്തപുരത്തുനിന്ന് അച്ചടിച്ചു പ്രസിദ്ധംചെയ്തിട്ടുണ്ട്. രാമപാണിവാദനും കുഞ്ചൻനമ്പ്യാരും രണ്ടാണെന്നു ചിലർ വാദിച്ചിരുന്നതുപോലെ, രാമപഞ്ചശതീകാരനായ രാമപാരശ

വനും ഉണ്ണായിവാരിയരും രണ്ടുപേരാണെന്ന് ഒരു വാദമുണ്ടായിരുന്നു. ഈ വാദത്തിൽ വലിയ കഴമ്പുള്ളതായി തോന്നുന്നില്ല.

വടക്കുന്നാഥനെപ്പററി അഞ്ചു സ്തോത്രങ്ങൾ ഉണ്ണായിവാരിയർ രചിച്ചിട്ടുള്ളതായി ഉള്ളൂർ പ്രസ്താവിക്കുന്നുണ്ട്. ഇവയിൽ ഒന്ന് കൊച്ചി ദേവസ്വംബോർഡുകാർ അച്ചടിച്ചു പ്രസിദ്ധംചെയ്തുകണ്ടിട്ടുണ്ട്. ഉണ്ണായിവാരിയർ രചിച്ച ഏതാനും ഒററ ശ്ലോകങ്ങളും പലരും ചൊല്ലിക്കേട്ടിട്ടുണ്ട്. സുഭദ്രാഹരണം എന്ന അപൂർണ്ണമായ ഒരാട്ടക്കഥ അദ്ദേഹത്തിന്റെ വകയായി കാണാനുണ്ടെന്ന് ഉള്ളൂർ പറയുന്നു. ഉണ്ണായിവാരിയരുടെ സ്മാരകമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ അടുത്ത പ്രസിദ്ധീകരണം മഹാകവിയുടെ ലഘുകൃതികളുടെ ആധികാരികമായ ഒരു സമാഹാരമാകട്ടെ എന്നാണ് എന്റെ ആശംസ.

---


പരിഷ്കൃതരീതിയിലുള്ള എല്ലാവിധ സ്വർണ്ണാഭരണങ്ങൾക്കും,
വെള്ളിപ്പാത്രങ്ങൾ, സ്വർണ്ണം, വെള്ളി, പവൻ,
തങ്കം മുതലായവയ്ക്കും

**കുന്നൻ ലോനപ്പൻ തോമാസ്സ്, സൺസ്,**
**ബാങ്കേഴ്സ് & ആഭരണവ്യാപാരം, ഇരിങ്ങാലക്കുട**

N. B. സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ ഉറുപ്പിക പലിശയ്ക്ക് കൊടുക്കുന്നതാകുന്നു.

---

നിങ്ങൾ, ഡൽഹി സന്ദർശിക്കുമ്പോൾ
തനി കേരളീയരീതിയിൽ തയ്യാർചെയ്ത
രുചിയായ ഭക്ഷണപദാർത്ഥങ്ങൾക്ക്
സന്ദർശിക്കുക

**"ഹോട്ടൽ ഡി കേരളാ"**

പാർലിമെൻറ മന്ദിരത്തിനെതിരിൽ!

"ഹോട്ടൽ ഡി കേരളാ"
റെയ്സീനാറോഡ്,
പി ബ്ലോക്ക്മാർക്കെററ്,
ന്യൂഡെൽഹി.